"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം- K-SWIFT സംവിധാനത്തിന്റെ പ്രാരംഭ ഘട്ടത്തിൽ ഉപയോഗിച്ചതിലെ സാങ്കേതിക പിഴവ് - മുൻസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിമാർക്ക് എതിരെ ആരംഭിച്ച അച്ചടക്കനടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1156/2022/LSGD തീയതി,തിരുവനന്തപുരം, 07-05-2022

പരാമർശം:-

1. 3.08.2019 തീയതിയിലെ ഇ.യു1/208/2019/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
2. ശ്രീ.വി.സജികുമാർ ,ശ്രീ.റ്റി.മനോജ് കുമാർ,ശ്രീമതി.കെ.യു.ബിനി ശ്രീമതി.രാജശ്രീ പി.നായർ, ശ്രീ.കെ.ബി.വിശ്വനാഥൻ ,ശ്രീ.അബ്ദുൾ സജീം,ശ്രീമതി.കെ.പി.ഹസീന, ശ്രീ.എൻ.സുരേഷ് കുമാർ,ശ്രീ.രാഹേഷ് കുമാർ,ശ്രീ.സനിൽ.എസ്. എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രിക
3. നഗരകാര്യ ഡയറക്ടറുടെ 24.11.2021 തീയതിയിലെ വി1-10439/2018 നമ്പർ കത്ത്.
4. 7.06.2020 തീയതിയിലെ സ.ഉ (സാധാ) നം.1173/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

കേരളത്തിലെ നഗരസഭകളിൽ കെട്ടിട നിർമ്മാണാനുമതി/ലൈസൻസ് നൽകുന്നതിനായി തയ്യാറാക്കി നടപ്പിലാക്കിയ K-SWIFT സംവിധാനത്തിന്റെ പ്രാരംഭ ഘട്ടത്തിൽ ഉപയോഗിച്ചതിലെ പിഴവുമൂലം അനുമതികൾ deemed ആയി അനുവദിച്ച് നൽകിയതിന് കാസർഗോഡ് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.വി.സജികുമാർ, നീലേശ്വരം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.റ്റി.മനോജ് കുമാർ, വടകര നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി.കെ.യു.ബിനി, തൊടുപുഴ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി.രാജശ്രീ പി.നായർ, പരപ്പനങ്ങാടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.ബി.വിശ്വനാഥൻ, പെരിന്തൽമണ്ണ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.അബ്ദുൾ സജീം, താനൂർ നഗരസഭാ സെക്രട്ടറിയായി രുന്ന ശ്രീമതി.കെ.പി.ഹസീന, രാമനാട്ടുകര നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എൻ.സുരേഷ് കുമാർ, കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ.രാഹേഷ് കുമാർ, തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീമതി.എൽ.എസ്.ദീപ. പന്തളം നഗരസഭാ സെക്രട്ടറിമാരായിരുന്ന ശ്രീ.സനിൽ.എസ് , ശ്രീ.എസ്.ദീപേഷ് എന്നീ ജീവനക്കാർക്ക് പരാമർശം (1) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു .

കാസർഗോഡ് നഗരസഭയിൽ 6-ാം വാർഡിൽ 1509 എ 1 4 നമ്പർ കെട്ടിടത്തിൽ ഗാർമെന്റ്സ് വ്യാപാരം ആരംഭിക്കുന്നതിനുവേണ്ടിയുള്ള അനുമതിക്കായി ശ്രീ . ശംശീർ 27/06/2019 ൽ ഓൺലൈൻ ആയി അപേക്ഷ നൽകിയെങ്കിലും 25/07/2019 ന് മാനുവലായി ലൈസൻസ് നൽകിയിട്ടുള്ളതാണെന്നും സോഫ്റ്റ് വൈയറിന്റെ പരിമിതി മൂലമാണ് ഓൺലൈനിൽ അപേക്ഷ പ്രോസസ് ചെയ്യുവാൻ സാധിക്കാതെ വന്നതെന്നും ഫീൽഡ് വെരിഫിക്കേഷനും മറ്റും ഓൺലൈൻ പ്രോസസിംഗ് സോഫ്റ്റ് വെയറിൽ ഇല്ലാത്തതുകൊണ്ടാണെന്നും ആയതിനാലാണ് അപേക്ഷകന്

കൽപിത ലൈസൻസ് നൽകുവാൻ ഇടയായതെന്നും കൂടാതെ അപേക്ഷകന് സമയപരിധിയ്ക്കുള്ളിൽ തന്നെ വ്യാപാര ലൈസൻസ് നൽകിയിട്ടുള്ളതിനാൽ അനന്തര നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും കാസർഗോഡ് നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ . വി . സജികുമാർ മറുപടി സമർപ്പിച്ചിരുന്നു.

നീലേശ്വരം നഗരസഭയിൽ ശ്രീ . അരുൺ , കെ . എം . ഗോൾഡ് എന്നവർ K-SWIFT പോർട്ടൽ വഴി ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിരുന്നത് 20/06/2019 ൽ ആണെന്നും എന്നാൽ പ്രസ്തുത തീയതിയ്ക്ക് മുൻപായി അപേക്ഷകൻ നഗരസഭയിൽ ലൈസൻസിന് നേരിൽ അപേക്ഷ സമർപ്പിക്കുകയും ലൈസൻസ് ഫീസ് അടവാക്കി ലൈസൻസ് കൈപ്പറ്റിയിട്ടുള്ളതാണെന്നും K-SWIFT പോർട്ടൽ വഴി ലഭ്യമാകുന്ന അപേക്ഷകൾ നഗരസഭാ തലത്തിൽ കൈകാര്യം ചെയ്യേണ്ടതായിട്ടുള്ള വെരിഫയർ . ഇൻസ്പെക്ടർ , അപ്രൂവൽ എന്നിവർക്കുള്ള പരിശീലനം ലഭ്യമായത് 20/08/2019 ൽ ആണെന്നും K-SWIFT പോർട്ടൽ ലോഗിൻ ചെയ്യുന്നതിനുള്ള യൂസർനൈം ,പാസാവേർഡ്( User Name, Password ) എന്നിവ ലഭ്യമായിട്ടുള്ളത് 14/08/2019 ൽ ആണെന്നും ടിയാന്റെ മറുപടിയിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നു. 20/08/2019 ലെ പരിശീലനത്തിനു ശേഷം നഗരസഭാ തലത്തിൽ വെരിഫയർ , ഇൻസ്പെക്ടർ , അപ്രൂവൽ എന്നീ നിലകളിൽ ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആയതിന് ശേഷം K-SWIFT പോർട്ടൽ വഴി ലഭ്യമാകുന്ന അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും ആയതിനാൽ മനഃപൂർവ്വമല്ലാതെ സംഭവിച്ച തെറ്റ് മാപ്പാക്കി തുടർനടപടിയിൽ നിന്നും ഒഴിവാക്കണമെന്നും നീലേശ്വരം നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ . ടി . മനോജ് കുമാറിന്റെ മറുപടിയിൽ അപേക്ഷിച്ചിരുന്നു.

പരപ്പനങ്ങാടി നഗരസഭയിൽ ശ്രീ . ഷിദു എ . എം . എന്നവർ K-SWIFT പോർട്ടൽ വഴി ലൈസൻസിനായി അപേക്ഷിച്ചിരുന്നത് 27/05/2019 ൽ ആണെന്നും എന്നാൽ 18/06/2019 ന് ആണ് യൂസർ ഐഡിയും പാസ്സ് വേർഡും പരപ്പനങ്ങാടി നഗരസഭയ്ക്ക് അനുവദിച്ച് നൽകിയിട്ടുള്ളതാണെന്നും . എന്നാൽ ശ്രീ . ഷിദു.എ . എം. ഓൺലൈൻ അപേക്ഷയുമായി മുന്നോട്ട് പോകുന്നില്ലെന്നും ആയത് നിരസിക്കണമെന്നും കാണിച്ച് 18/06/2019 നി ടിയാൻ നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ശ്രീ . കെ . ബി . വിശ്വനാഥന്റെ മറുപടിയിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നു. . ശ്രീ . ഷിദു എ . എം പ്ലാസ ഫ്ലവർ ആന്റ് ഓയിൽ മിൽ എന്ന പേരിൽ ട്രേഡ് മാർക്കിനും ബ്രാൻഡ് നെയിമിനുമായി ചെന്നൈയിലെ ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ട്രേഡ് മാർക്കിന്റെ ഓഫീസിൽ അപേക്ഷിച്ചപ്പോൾ ഇതേ പേര് നിലവിൽ രജിസ്റ്റേഡ് ആയിട്ടുണ്ടെന്നും ആയതിനാൽ പുതിയ പേരിൽ സ്ഥാപനം ആരംഭിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെന്നും ആയതിനാലാണ് അപേക്ഷ നിരസിച്ചു നൽകണമെന്നു ടിയാൻ അപേക്ഷിച്ചിരുന്നതെന്നും ആയതിനെ തുടർന്ന് അപേക്ഷ നിരസിക്കാമെന്ന് കരുതി ലോഗിൻ ചെയ്തെങ്കിലും സാങ്കേതിക കാരണങ്ങളാലോ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിലെ പരിചയക്കുറവ് മൂലം അപേക്ഷ നിരസിച്ചു നൽകുവാൻ കഴിയാതിരുന്നതെന്നും ആയത് മനഃപൂർവ്വമായിട്ടുള്ള വീഴ്ചയായി കാണരുതെന്നും ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും പരപ്പനങ്ങാടി നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ . കെ . ബി . വിശ്വനാഥന്റെ മറുപടിയിൽ അപേക്ഷിച്ചിരിക്കുന്നു

തൊടുപുഴ നഗരസഭയിൽ ശ്രീമതി ബ്രിജിത്തമ്മ ബിജു എന്നവർ എയ്ഞ്ചൽ ബ്യൂട്ടി പാർലർ എന്ന സ്ഥാപനം ആരംഭിക്കുന്നതിന് 14/04/2019 ൽ K-SWIFT പോർട്ടലിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും 30/04/2019 ൽ ടിയാൾ 200/- രൂപ ഫീസ് അടച്ചിട്ടുള്ളതാണെന്നും എന്നാൽ 17/06/2019 ൽ ആണ് തൊടുപുഴ നഗരസഭയ്ക്ക് യൂസർ ഐഡി , പാസ്സ് വേർഡ് എന്നിവ ലഭിച്ചിട്ടുള്ളതെന്നും K-SWIFT പോർട്ടലിൽ വരുന്ന അപേക്ഷ പ്രോസ്സസ് ചെയ്യുന്നതിന് അപ്രൂവർക്ക് കൂടാതെ വെരിഫയർ , ഇൻസ്പെക്ടർ എന്നിവർക്കുകൂടി ലോഗിൻ ഐഡിയും പാസ്സ് വേർഡും ആവശ്യമാണെന്നും എന്നാൽ ആയത് ലഭിക്കാത്തതിനാലും പുതിയ സംരംഭമായ K-SWIFT സംബന്ധിച്ച് യാതൊരുവിധ പരിശീലനവും ലഭിച്ചിട്ടില്ലാത്തതിനാലുമാണ് അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതാണെന്നും ആയതിനാൽ മനഃപൂർവ്വമല്ലാതെ സംബന്ധിച്ച വീഴ്ച മാപ്പാക്കണമെന്നും തൊടുപുഴ നഗരസഭ സെക്രട്ടറി ശ്രീമതി രാജശ്രീ പി . നായർ സമർപ്പിച്ച മറുപടിയിൽ അപേക്ഷിച്ചിരിക്കുന്നു.

വടകര നഗരസഭയിൽ ശ്രീ . ജലീൽ എന്നവർ സ്റ്റാൻഡേർഡ് വുഡ് വർക്ക്സ് എന്ന സ്ഥാപനം ആരംഭിക്കുന്നതിന് K-SWIFT പോർട്ടലിൽ സമർപ്പിച്ച അപേക്ഷ 28/05/2019 ൽ deemed ലൈസൻസിനായി മാറുന്നതിനുള്ള സാഹചര്യമുണ്ടായത് K-SWIFT പോർട്ടൽ ലോഗിൻ ചെയ്യാനുള്ള

യൂസർ ഐഡിയും പാസ്സ് വേർഡും വടകര നഗരസഭയിൽ ലഭ്യമായിട്ടുള്ളത് 18/06/2019 ൽ ആണെന്നും K-SWIFT മുഖേന ലൈസൻസ് നൽകുന്നത് ആദ്യത്തെ സംരംഭമായതിനാലും സാങ്കേതിക പരിജ്ഞാനകുറവ് മൂലമാണെന്നും ഭാവിയിൽ ഇത്തരം അപേക്ഷകൾ കാലതാമസം വരുത്താതെ നൽകുന്നതിന് എല്ലാ ക്രമീകരണങ്ങളും നഗരസഭയിൽ നിന്നും ചെയ്തിട്ടുള്ളതാണെന്നും ആയതിനാൽ മനഃപൂർവ്വമല്ലാതെ സംഭവിച്ച വീഴ്ച മാപ്പാക്കി അച്ചടക്കനടപടിയിൽ നിന്നും ഒഴിവാക്കുന്നതിന് വടകര നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീമതി കെ . യു . ബിനി മറുപടിയിൽ അപേക്ഷിച്ചിരിക്കുന്നു .

പെരിന്തൽമണ്ണ നഗരസഭ യിൽ ശ്രീ . മുഹമ്മദ് ഷാഫിർ കെ എന്നവർ ബ്രദേഴ്സ് ഫ്ലവർമിൽ എന്ന സ്ഥാപനം ആരംഭിക്കുന്നതിന് K-SWIFT പോർട്ടലിൽ 16/05/2019 ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ 17/06/2019 ൽ ആണ് ഡീംഡ് ( deemed ) ലൈസൻസ് അനുവദിച്ച് നൽകിയതെന്നും ആയതിന് കാരണം K-SWIFT പോർട്ടലിൽ ലോഗിൻ ചെയ്യുന്നതിനുള്ള യൂസർ ഐഡി , പാസ്സ് വേഡ് എന്നിവ നഗരസഭയ്ക്ക് അനുവദിച്ച നൽകിയിട്ടുള്ളത് 18/06/2019 ൽ ആണെന്നും കൂടാതെ ടി പോർട്ടലിൽ വരുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് വെരിഫയർ , ഇൻസ്പെക്ടർ , അപ്രൂവർ എന്നിവർക്കുള്ള പരിശീലനം സമയബന്ധിതമായി ലഭിച്ചിരുന്നില്ലെന്നും ആയതിനാലാണ് ഇത്തരത്തിൽ വീഴ്ച സംഭവിച്ചതെന്നും നിലവിൽ K-SWIFT ൽ ലഭ്യമാകുന്ന അപേക്ഷകൾ എല്ലാ ദിവസവും പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിന് ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും ആയതിനാൽ മനഃപൂർവ്വമല്ലാതെ സംഭവിച്ച വീഴ്ച മാപ്പാക്കി അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് പെരിന്തൽമണ്ണ നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ . അബ്ദുൾ സജീം സമർപ്പിച്ച മറുപടിയിൽ അപേക്ഷിച്ചിരിക്കുന്നു .

രാമനാട്ടുകര നഗരസഭയിൽ ശ്രീ.കെ.പി.അബ്ദുള്ള എന്നവർ K-SWIFT പോർട്ടൽ മുഖേന ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിരുന്നത് 06/05/2019 ൽ ആണെന്നും എന്നാൽ 17/06/2019 ൽ അപേക്ഷകന് deemed ലൈസൻസ് ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ രാമനാട്ടുകര നഗരസഭാ സെക്രട്ടറിയ്ക്ക് യൂസർ ഐഡിയും പാസ്സ് വേഡും ലഭിച്ചിരുന്നത് 18/06/2019 ൽ ആണെന്നും, യഥാസമയം യൂസർ ഐഡിയും പാസ്സ് വേഡും ലഭിക്കാത്തതിനാലാണ് K-SWIFT ൽ ലഭ്യമായ അപേക്ഷകൾ യഥാസമയം പരിഗണിക്കാൻ കഴിയാതെ ലൈസൻസ് കൽപ്പിതമാക്കുന്നതിന് കാരണമായതെന്നും ആയതിനാൽ ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും രാമനാട്ടുകര നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ.എൻ.സുരേഷ് കുമാർ സമർപ്പിച്ച മറുപടിയിൽ അപേക്ഷിച്ചിരിക്കുന്നു.

കൊച്ചി കോർപ്പറേഷനിൽ ശ്രീമതി.ആനി സിംനി സജീവ് എന്നയാൾ ബിൽഡിംഗ് പെർമിറ്റ്, ഡെവലപ്പ്മെന്റ് /റീഡെവലപ്പ്മെന്റ് (Development/Redevelopment permit), IFTE&S ലൈസൻസ് തുടങ്ങിയ മൂന്നിനങ്ങളിലായി 26/03/2019- ൽ കെട്ടിട നമ്പർ ഇല്ലാതെ K-SWIFT പോർട്ടലിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും ടി സ്ഥാപനത്തിന് IFTE&S ലൈസൻസ് അനുവദക്കണമെങ്കിൽ നിർമ്മാണം പൂർത്തിയായ കെട്ടിടവും നിയമാനുസൃത കെട്ടിട നമ്പറും അനിവാര്യമാണെന്നും ലൈസൻസ് അപേക്ഷയോടൊപ്പം അപേക്ഷകന്റെ തിരിച്ചറിയൽ രേഖകളുടെ പകർപ്പ്, നടപ്പ വർഷം കെട്ടിട നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ്, സർക്കാർ ഉത്തരവ് അനുസരിച്ച് മാലിന്യ സംസ്കരണവും കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച 250/- രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കിയ സത്യവാങ്മൂലം തുടങ്ങിയ രേഖകൾ ഹാജരാക്കേണ്ടതായിട്ടുള്ളതാണെന്നും എന്നാൽ മേൽപറഞ്ഞ രേഖകൾ അപേക്ഷകൻ ഹാജരാക്കിയിട്ടില്ലാത്തതാണെന്നും ശ്രീ.രാഹേഷ് കുമാറിന്റെ മറുപടിയിൽ പറയുന്നു. ഓയിൽമിൽ പോലെ യന്ത്രങ്ങൾ ഘടിപ്പിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 448 പ്രകാരം കൗൺസിൽ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ടെന്നും ആയതിന് ശേഷം മാത്രമേ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 447 പ്രകാരം ലൈസൻസ് അപേക്ഷ പരിഗണിക്കുവാൻ കഴിയുകയുള്ളൂ എന്നതിനാലും K-SWIFT സംവിധാനം മുഖേനയുള്ള യൂസർ ഐഡിയും പാസ്സ് വേഡും അനുവദിച്ച നൽകിയിട്ടുള്ളത് 30/05/2019 ൽ ആണെന്നും കൽപ്പിത ലൈസൻസ് അനുവദിച്ചിട്ടുള്ളത് 27/04/2019 ൽ ആണെന്നും ആയതിനാൽ കൃത്യനിർവ്വഹണത്തിൽ ടിയാന്റെ ഭാഗത്തു നിന്നും വീഴ്ചകളൊന്നും ഉണ്ടായിട്ടില്ലാത്തതിനാൽ തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും കൊച്ചി കോർപ്പറേഷൻ

സെക്രട്ടറി ശ്രീ.ആർ.രാഹേഷ് കുമാർ സമർപ്പിച്ച മറുപടിയിൽ അപേക്ഷിച്ചിരിക്കുന്നു.

താനൂർ നഗരസഭയിൽ ശ്രീ.പി.എ.സക്കറിയ അഹമ്മദ് എന്നവർ 'പി എ എഞ്ചിനീയറിംഗ് വർക്ക്' എന്ന സ്ഥാപനത്തിനു വേണ്ടിയുളള ലൈസൻസിനായി K-SWIFT പോർട്ടൽ മുഖേന 22/05/2019 ൽ അപേക്ഷിച്ചിരുന്നുവെന്നും എന്നാൽ 22/06/2019 ൽ അപേക്ഷകന് ഡീംഡ് (deemed) ലൈസൻസ് ലഭ്യമാക്കുകയും ചെയ്തിരുന്നു. K-SWIFT പോർട്ടലിൽ ലോഗിൻ ചെയ്യുന്നതിനുവേണ്ടിയുളള യൂസർ ഐഡിയും പാസ്സ് വേഡും നഗരസഭയ്ക്ക് ലഭ്യമായിട്ടുളളത് 18/08/2019 ൽ ആണെന്നും ആയതിനാൽ നഗരസഭാ സെക്രട്ടറിയെന്ന നിലയിൽ ടിയാരിയുടെ ഭാഗത്ത് നിന്നും കൃത്യനിർവ്വഹണത്തിൽ മനഃപൂർവ്വമായ വീഴ്ചകൾ ഒന്നും തന്നെ സംഭവിച്ചിട്ടില്ലായെന്നും ആയതിനാൽ തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും താനൂർ നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീമതി.കെ.പി.ഹസീന സമർപ്പിച്ച മറുപടിയിൽ അപേക്ഷിച്ചിരിക്കുന്നു.

പന്തളം നഗരസഭയിൽ K-SWIFT പോർട്ടൽ മുഖേന ശ്രീ.സുരേഷ് കുമാർ, കൃഷ്ണൻ കുട്ടി നായർ എന്നവർ നന്ദനം ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനു വേണ്ടിയുളള ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിന്മേൽ യഥാസമയം നടപടി സ്വീകരിക്കാത്തതിനാൽ കൽപ്പിത ലൈസൻസ് ലഭിക്കാൻ ഇടയായത് നഗരസഭാ സെക്രട്ടറിയുടെ കൃത്യനിർവ്വഹണത്തിലുളള വീഴ്ചയായി കണ്ട് ശ്രീ.സനിൽ എസ്-ന് കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ശ്രീ.സുരേഷ് കുമാർ, കൃഷ്ണൻകുട്ടി നായർ എന്നവർ നന്ദനം ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനു വേണ്ടിയുളള ലൈസൻ സിനായി K-SWIFT പോർട്ടൽ മുഖേന 19/03/2019 ൽ അപേക്ഷിച്ചിരുന്നുവെന്നും എന്നാൽ 20/04/2019 ൽ അപേക്ഷകന് കൽപ്പിത ലൈസൻസ് ലഭ്യമാക്കുകയും ചെയ്തിരുന്നുവെന്നും കെ സ്വിഫ്റ്റ് പോർട്ടലിൽ ലോഗിൻ ചെയ്യുന്നതിനുവേണ്ടിയുളള യൂസർ ഐഡിയും പാസ്സ് വേഡും നഗരസഭയ്ക്ക് ലഭ്യമായിട്ടുളളത് 14/07/2019 ൽ ആയിരുന്നുവെന്നും ആയതിനാൽ നഗരസഭാ സെക്രട്ടറിയെന്ന നിലയിൽ ടിയാന്റെ ഭാഗത്തു നിന്നും കൃത്യനിർവ്വഹണത്തിൽ മനഃപൂർവ്വമായ വീഴ്ചകൾ ഒന്നും തന്നെ സംഭവിച്ചിട്ടില്ലായെന്നും ആയതിനാൽ തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും പന്തളം നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ.സനിൽ.എസ് സമർപ്പിച്ച മറുപടിയിൽ അപേക്ഷിച്ചിരിക്കുന്നു.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KSIDC) വിഭാവനം ചെയ്ത കെ സ്വിഫ്റ്റ് സോഫ്റ്റ് വെയർ പ്രാരംഭദിശയിൽ ചില സാങ്കേതിക തടസ്സങ്ങൾ നേരിട്ടിരുന്നതും ടി കാലയളവിൽ വാർഡ് മാപ്പിംഗ്, യൂസർ മാപ്പിംഗ് എന്നിവ നടത്തിയിട്ടില്ലാത്തതുമാണെന്നും, കുറ്റാരോപണ മെമ്മോയിൽ പ്രതിപാദിച്ചിട്ടുളളത് പ്രകാരം ഡീംഡ് (deemed) ആയ അപേക്ഷകൾ 2019 ആദ്യ മാസങ്ങളിലാണ് കെ സ്വിഫ്റ്റ് സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്തിട്ടുളളതെന്നും ആദ്യ നാളുകളിൽ കെ സ്വിഫ്റ്റ് സോഫ്റ്റ് വെയറിൽ ഉദ്യോഗസ്ഥൻമാർക്ക് വ്യക്തിയുടെ പേരിൽ പേഴ്സണൽ ഐ.ഡിയും പാസ് വേഡും കൊടുക്കുന്ന രീതിയാണ് നിലനിന്നിരുന്നതെന്നും എന്നാൽ ഉദ്യോഗസ്ഥൻമാർ സ്ഥലംമാറുമ്പോൾ ഇതിൽ ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് ഡെസിഗ്നേഷന്റെ അടിസ്ഥാനത്തിൽ യൂസർനെയിമും പാസ് വേഡും അനുവദിച്ചു നൽകുന്നതിന് 06/09/2019 ൽ ആണ് തീരുമാനിച്ചിരുന്നതെന്നും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിൽ അറിയിച്ചിരിക്കുന്നു. കെ സ്വിഫ്റ്റ് പോർട്ടൽ മുഖേന ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് നഗരസഭാ ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുളളത് 18/09/2019, 19/09/2019 എന്നീ തീയതികളിലാണ്. കെ സ്വിഫ്റ്റ് മുഖേന ലൈസൻസ് സംബന്ധിച്ച നിർവ്വഹണങ്ങൾ നടത്തുന്നത് പുതിയ സംരംഭമായിരുന്നതിനാൽ ആരംഭദിശയിൽ സാങ്കേതികമായും പ്രായോഗികമായും ധാരാളം ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നിട്ടുളളതെന്ന വസ്തുത യാഥാർത്ഥ്യമാണെന്നും KSIDC മുഖേന നഗരകാര്യ ഡയറക്ടറേറ്റിൽ ലഭ്യമാകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചാണ് ഇതു സംബന്ധിച്ച നടപടികൾ നഗരസഭാ തലത്തിൽ സ്വീകരിച്ച് വന്നിട്ടുളളതെന്നും ടി വിഷയത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് മനഃപൂർവ്വം കാലവിളംബം സംഭവിച്ചിട്ടില്ലാത്തതാണെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതി നാൽ നഗരസഭാ സെക്രട്ടറിമാർ സമർപ്പിച്ച മറുപടി അനുഭാവപൂർവം പരിഗണിക്കാവുന്നതാണെന്നും പുതിയ ഒരു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടും പ്രാരംഭ നിർവ്വഹണത്തിലുണ്ടായ

സ്വാഭാവികമായ കാലതാമസവും പരിഗണിച്ച് അച്ചടക്ക നടപടി തീർപ്പുകൽപ്പിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം അഭിപ്രായപ്പെട്ടു.

പന്തളം നഗരസഭയിൽ K-SWIFT പോർട്ടൽ മുഖേന ലൈസൻസിനുവേണ്ടി സമർപ്പിച്ച അപേക്ഷകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കാത്തതിനാൽ കൽപിത ലൈസൻസ് ലഭിക്കുവാൻ ഇടയായ കാരണത്താൽ ശ്രീ.എസ്.ദീപേഷിന് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. എന്നാൽ കൽപിത ലൈസൻസ് ലഭിക്കുവാൻ ഇടയായ കാലയളവിൽ പന്തളം നഗരസഭയിൽ ടിയാൻ സേവനമനുഷ്ഠിച്ചിട്ടില്ലെന്നും പ്രസ്തുത കാലയളവിൽ അടൂർ നഗരസഭാ സെക്രട്ടറിയായാണ് ശ്രീ.ദീപേഷ് സേവനമനുഷ്ഠിച്ചിരുന്നുവെന്നും അറിയിക്കുകയും കുറ്റാരോപണ മെമ്മോ/പത്രിക സർക്കാരിലേക്ക് തിരികെ അയച്ചു നൽകിയിട്ടുള്ളതുമാണ്. ആയതിനാൽ ശ്രീ.എസ്.ദീപേഷിനെതിരെയുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം നഗരസഭയിൽ K-SWIFT പോർട്ടൽ മുഖേന ലൈസൻസിനുവേണ്ടി 7 സ്ഥാപനങ്ങൾ അപേക്ഷിച്ചിരുന്നെങ്കിലും യഥാസമയം നടപടി സ്വീകരിക്കാത്തതുമൂലം പ്രസ്തുത സ്ഥാപനങ്ങൾക്ക് deemed ലൈസൻസ് നൽകേണ്ട സാഹചര്യം ഉണ്ടായത് നഗരസഭാ സെക്രട്ടറിയുടെ കൃത്യനിർവ്വഹണത്തിലുള്ള വീഴ്ചയായി കണ്ട് ശ്രീമതി.എൽ.എസ്.ദീപയ്ക്ക് കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും തുടർന്ന് K-SWIFT പോർട്ടൽ 2019 മാർച്ചിലാണ് പൊതു നിർവ്വഹണാർത്ഥം അനുവദിച്ചു നൽകിയിട്ടുള്ളതാണെന്നും തിരുവനന്തപുരം നഗരസഭയ്ക്ക് ആയത് ഉപയോഗിക്കുന്നതിനുള്ള യൂസർ നെയിം, പാസ് വേർഡ് എന്നിവ അനുവദിച്ചു നൽകിയിട്ടുള്ളത് 19/06/2019 ലാണെന്നും ശ്രീമതി.എൽ.എസ്.ദീപ സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ടിയാരിക്ക് എതിരെ ആരംഭിച്ച അച്ചടക്കനടപടികളിൽ തുടർ നടപടി ഒഴിവാക്കികൊണ്ട് പരാമർശം (4) പ്രകാരം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദപത്രികയിലെ വാദമുഖങ്ങളുടേയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കേരളത്തിലെ നഗരസഭകളിൽ കെട്ടിട നിർമ്മാണാനുമതി/ലൈസൻസ് നൽകുന്നതിനായി നടപ്പിലാക്കിയ K-SWIFT സംവിധാനത്തിന്റെ പ്രാരംഭ ഘട്ടത്തിൽ ഉപയോഗിച്ചതിലെ സാങ്കേതിക പിഴവുമൂലം അനുമതികൾ ഡീംഡ് (deemed) ആയി അനുവദിച്ച് നൽകിയതിന് കാസർഗോഡ്, നീലേശ്വരം, വടകര, തൊടുപുഴ, പരപ്പനങ്ങാടി, പെരിന്തൽമണ്ണ, താനൂർ, രാമനാട്ടുകര, പന്തളം എന്നീ നഗരസഭകളിലെ അന്നത്തെ സെക്രട്ടറിമാരായിരുന്ന ശ്രീ.വി.സജികുമാർ, ശ്രീ.റ്റി.മനോജ് കുമാർ, ശ്രീമതി.കെ.യു.ബിനി, ശ്രീമതി.രാജശ്രീ പി.നായർ, ശ്രീ.കെ.ബി.വിശ്വനാഥൻ, ശ്രീ.അബ്ദുൾ സജീം, ശ്രീമതി.കെ.പി.ഹസീന, ശ്രീ.എൻ.സുരേഷ് കുമാർ, ശ്രീ.എസ്.സനൽ , ശ്രീ.എസ്.ദീപേഷ് എന്നീ നഗരസഭ സെക്രട്ടറിമാർക്കെതിരെയും കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ.രാഹേഷ് കുമാറിനെതിരെയും പരാമർശം 1 പ്രകാരം ആരംഭിച്ച അച്ചടക്കനടപടികളിൽ തുടർ നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്

[illegible]

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് കേരള തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ